ISSN 0974-1984
MLA Index Number 11354

# മലയാളം റിസേർച്ച് ജേണൽ
# MALAYALAM RESEARCH JOURNAL

പ്രസാധനത്തിന്റെ
15-ാം വർഷം

## ഫോക്‌ലോർ
## വർത്തമാനവും ഭാവിയും



U.G.C.-CARE listed, Peer-reviewed Journal
Volume 15 ● Issue 1 ● January-April 2022

42

*Malayalam Research Journal*
U.G.C.-CARE listed
ISSN-0974 1984
RNI No.KERBIL2008/24527
MLA Index Number 11354
LCCN 2013 318190
Registered Journal for DOI
Peer-reviewed Journal
Vol. 15 Issue 1 January-April 2022
© On Design, Lay-out and Published materials:
*Malayalam Research Journal*

# ഉള്ളടക്കം/ Contents


| | | |
|---|---|---|
| ആമുഖം | 5547 | ജോബിൻ ജോസ് |
| ഫോക്‌ലോർ: വർത്തമാനവും ഭാവിയും | 5550 | രാഘവൻ പയ്യനാട് |
| ഫോക്‌ലോർ: ജനുസ്സുകളുടെ പുനർനിർണയനം | 5586 | കെ.എം. ഭരതൻ |
| ഫോക്‌ലോറും സംസ്കാരപഠനവും | 5601 | അനിൽ കെ.എം. |
| ഫോക്‌ലോറും വംശീയപഠനവും | 5618 | എം. ശ്രീനാഥൻ |
| ഫോക്‌ലോറും പ്രകടനകലയും | 5635 | ജോളി പുതുശ്ശേരി |
| ഫോക്‌ലോറും ജനപ്രിയ സംസ്കാരവും | 5655 | ഹാഷിക് എൻ.കെ. |
| ഫോക്‌ലോറും മാധ്യമങ്ങളും | 5670 | ലാൽമോഹൻ പി. |

# ഫോക്‌ലോർ: വർത്തമാനവും ഭാവിയും

**രാഘവൻ പയ്യനാട്**

**സംഗ്രഹം**

ഫോക്‌ലോർ എന്ന പദത്തിന് പകരമായി 'സ്പർശേതരസംസ്കാരപൈതൃകം' (Intangible Cultural Heritage) എന്ന പദം ഉപയോഗിക്കണമെന്ന് യുനസ്കോ നിർദേശിച്ചു. ഫോക്‌ലോറിന്റെ സംരക്ഷണത്തിനുവേണ്ടി നയങ്ങളും നിർദേശങ്ങളും മുന്നോട്ടുവെച്ച യുനസ്കോ സ്പർശേതര സംസ്കാരപൈതൃകത്തിന്റെ സംരക്ഷണത്തിനുവേണ്ടി അംഗരാജ്യങ്ങളോട് ആഹ്വാനം ചെയ്തതിന്റെ ഫലമായി പ്രസ്തുത മേഖലയിൽ സംരക്ഷണപ്രവർത്തനങ്ങളും അക്കാദമികമായ അന്വേഷണങ്ങളും ധാരാളമായി നടന്നുതുടങ്ങി. ഈ ഒരു ചുറ്റുപാടിൽ ഫോക്‌ലോർ എന്ന ജീവിതാവിഷ്കാരത്തിനും അതിനെ ദത്തമായി സ്വീകരിച്ച പഠനമേഖലയ്ക്കും ഇനി എന്ത് സംഭവിക്കും എന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധം. ഫോക്‌ലോർ പഠനത്തിന്റെ വർത്തമാന സാഹചര്യത്തെയും ഭാവി സാധ്യതകളെയും ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

സംസ്കാരപൈതൃകം, ജ്ഞാനമേഖല, പൊതുഫോക്‌ലോർ, സ്പർശേതരസംസ്കാരപൈതൃകം

**"Folklore: Present and Future"**

**Abstract**

There was a directive from UNESCO to use the term 'intangible cultural heritage' intstead of the word 'Folklore'. UNESCO has urged the member countries to remain committed for the preservation of Intangible cultural heritage. As part of this, there were new intiatives in this arena in the form of academic eaquiry and preservation of cultural heritage. Hence, this paper is an enquiry into the new directions that folklore studies may take in the future. The study also analyse the present status and the future prospects of folklore studies.

**Keywords**

Cultural Heritage, Domain of Knowledge, Public Folklore, Intangible Cultural Heritage

# ഫോക്‌ലോർ: ജനുസ്സുകളുടെ പുനർനിർണയനം

**കെ.എം. ഭരതൻ**

**സംഗ്രഹം**

ഏതൊരുവിഷയത്തിന്റെയും അനന്യത പഠനവസ്തു, പഠനലക്ഷ്യം, പഠനരീതി എന്നിവയിൽ അധിഷ്ഠിതമാണ്. പാരമ്പര്യത്തിന്റെ ഭാഗമായി വിനിമയം ചെയ്യപ്പെടുന്ന സാംസ്കാരികഘടകങ്ങളാകയാൽ ഫോക്‌ലോറിൽ പാഠഭേദം സാധാരണമാണ്. പരിണാമിയായ ഒന്നിനെ എക്കാലത്തേക്കുമായി വർഗീകരിക്കുക എന്നതു വെല്ലുവിളിയാണ്. ജനുസ്സുകളെ കാലോചിതമായി പുനർനിർണയിക്കേണ്ടത് ഈ പഠനവിഷയത്തിന്റെ നവീകരണത്തിന് അനിവാര്യമാണ്.

**താക്കോൽ വാക്കുകൾ**

വിശകലനവിഭാഗം, ദേശീയവിഭാഗം, ലോകവീക്ഷണം, ഫോക്‌ആശയം

**"Folklore: Redefining the Genre"**

**Abstract**

The uniqueness of a subject is determined by the object, aim and the methodology adopted for its study. Textual deviation and variance is quite usual in folklore as it is the cultural element which is transmitted as part of tradition. It is always a challenging task to have a permanent classification of something that is in a state of flux. Timely redefining of the geners of folklore is essential for reforming the domain of folklore studies.

**Keywords**

Analysis, National class, World view, Folklore

# ഫോക്‌ലോറും സംസ്കാരപഠനവും

**അനിൽ കെ.എം.**


**സംഗ്രഹം**

ഫോക്‌ലോർ പഠനം വലിയ പ്രതിസന്ധി നേരിടുന്ന സന്ദർഭമാണിത്. ആഗോളതലത്തിൽത്തന്നെ പല ഫോക്‌ലോർ പഠനവകുപ്പുകളും അടച്ചുപൂട്ടി. പലതും പേരുമാറ്റി പ്രവർത്തിക്കുന്നു. പ്രസാധനരംഗത്തും ശ്രദ്ധേയമായ ചലനങ്ങളൊന്നും കാണാനില്ല. ഇന്ത്യപോലെയുള്ള രാജ്യങ്ങളിൽ രാഷ്ട്രീയത്തിന്റെ അരങ്ങ് വാഴുന്നത് ഇപ്പോഴും പാരമ്പര്യജീവിതമാണ്. എന്നിട്ടും പാരമ്പര്യജീവിതത്തെക്കുറിച്ച് പഠിക്കുന്ന ഇന്ത്യൻ ഫോക്‌ലോർ പഠനത്തിന് വലിയ തോതിൽ മുന്നേറാൻ കഴിഞ്ഞിട്ടില്ല. ഈ അവസ്ഥയെ വിശദീകരിക്കാൻ ശ്രമിക്കുന്ന പ്രബന്ധമാണിത്. ഫോക്‌ലോർ പഠനം അന്തർവൈജ്ഞാനികമായിത്തീരുകയും സാംസ്കാരിക വിമർശനത്തിനുള്ള കരുത്ത് നേടുകയും ചെയ്യുമ്പോൾമാത്രമേ അതിന് സമകാല ധൈഷണിക സാഹചര്യത്തിൽ അതിജീവിക്കാനാകൂ എന്നാണ് ഈ പ്രബന്ധം സമർഥിക്കുന്നത്.



**താക്കോൽവാക്കുകൾ**

സംസ്കാരപഠനവും സാംസ്കാരികവിമർശനവും, ഏജൻസി, അന്തർവൈജ്ഞാനികത, എത്നോഗ്രഫി


**"Folklore and Cultural Studies"**


**Abstract**

Folklore study is facing an unprecedented crisis now. Many folklore departments were closed globally. Some have even changed their names. Even the publication domain of folklore remain rather static. This study is an attempt to address the Indian folklore studies that study about tradition which lacks a progress. The folklore study would survive the present intellectual conditions only if it becomes interdisciplinary and attain the capacity for cultural criticism.



**Keywords**

Cultural study and cultural criticism, Agency, Interdisciplinary, Ethnography

# ഫോക്‌ലോറും വംശീയപഠനവും

എം. ശ്രീനാഥൻ

**സംഗ്രഹം**

ഫോക്‌ലോറും വംശീയപഠനവുംതമ്മിലുള്ള ബന്ധം കേരളസന്ദർഭത്തിൽ ആരായുകയാണ് ഈ ലേഖനത്തിന്റെ മുഖ്യലക്ഷ്യം. ലക്ഷ്യത്തിലോ രീതിശാസ്ത്രത്തിലോ 'റേസ്' എന്ന പാശ്ചാത്യ ആശയത്തിന് സമാനമായ ചിന്തകൾ കേരളത്തിലെ ഫോക്‌ലോർ പഠനങ്ങൾ കാര്യമായി ഏറ്റെടുക്കുന്നില്ല. എങ്കിലും ഇന്ത്യയിലാകെയും സവിശേഷമായി കേരളത്തിലും നടന്ന നരവംശപഠനങ്ങളുടെ പശ്ചാത്തലത്തിൽ, വംശീയതയുടെ ഇന്ത്യൻ നിർമിതികൾ പരിശോധിച്ച്, ഏതെങ്കിലും തരത്തിലുള്ള വംശീയതലം ഫോക്‌ലോർപഠനങ്ങൾ പങ്കിടുന്നുണ്ടോ എന്ന് ഈ ലേഖനം പരിശോധിക്കുന്നു. ഊരുകളിൽ അധിവസിക്കുന്ന ഗോത്രജനതയെ കേന്ദ്രീകരിച്ചല്ല നാടുകേന്ദ്രിതമായ കൂട്ടായ്മകളെ കേന്ദ്രീകരിച്ചാണ് ഫോക്‌ലോർ എന്ന പഠനമേഖലയുടെ കേരളത്തിലെ പ്രയോഗമെന്നു ഈ പഠനം വിലയിരുത്തുന്നു.

**താക്കോൽവാക്കുകൾ**

എത്‌നോളജി, വംശീയപഠനം, നരവംശശാസ്ത്രം, ഫോക്‌ലോർപഠനം

**"Folklore and Ethnology"**

**Abstract**

The objective of this study is to make an enquiry into the relationship between folkore and ethonology. Both in its aim and methodology folklore studies usually disengage with the western, concept of race, which has an inherent overtone of racism. However, this study by analysing the anthropological studies coducted in India and specifically in Kerala makes an attempt to unearth any such trend. The study makes the conclusion that the folklore studies in Kerala are not centered on tribes and tribal settlement but rather entwined on locality centered folk.

**Keywords**

Ethnology, Ethnography, Anthropology, Folkloristics

# ഫോക്‌ലോറും പ്രകടനകലയും

ജോളി പുതുശ്ശേരി

**സംഗ്രഹം**

പ്രകടനകലാസിദ്ധാന്തങ്ങളുടെ സങ്കൽപ്പനങ്ങളെ ആധാരമാക്കി ഫോക്‌ലോർ ഇനങ്ങളെ പഠനവിധേയമാക്കുന്നതിന്റെ സാധ്യതകൾ ഈ പ്രബന്ധം വിശകലനം ചെയ്യുന്നു. സാംസ്കാരികപാഠങ്ങളെ അപഗ്രഥിക്കാനുള്ള ഉപകരണമായി പ്രകടനസിദ്ധാന്തത്തെ തിരിച്ചറിയുന്നു. ഇതുവഴി ഫോക്‌ലോർ എന്ന ജ്ഞാനപദ്ധതിയെ നവീകരിക്കാനുള്ള അവസരങ്ങൾ ആരായുകയും പുതിയ പഠനസാധ്യതകൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

പ്രകടനം, ലീല, ആചാരം, സാംസ്കാരികപ്രകടനം, അന്തർധ്യായി

**"Folklore and Performance Studies"**

**Abstract**

This article is an enquiry into the scope and possibilities of folklore genre studies which are based on the concept of performance theories. Performance theory is conceived as a tool for the analysis of cultural texts. Therefore this study also is an attempt to refine the epistamology of folklore studies along with identifying the new possibilities of the same.

**Keywords**

Performance, Play, Ritual, Performativity, Cultural Performance, Reflexive

# ഫോക്‌ലോറും ജനപ്രിയസംസ്കാരവും

**ഹാഷിക് എൻ.കെ.**


**സംഗ്രഹം**

സംസ്കാരത്തിന്റെ ആശയപരവും രാഷ്ട്രീയോചിതവുമായ മാറ്റങ്ങൾക്കനുസരിച്ച് ഫോക്‌ലോർ പഠനങ്ങളുടെ മാതൃകകളും ലക്ഷ്യങ്ങളും കഴിഞ്ഞ ഇരുന്നൂറുവർഷങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഫോക്‌ലോർ പഠനങ്ങളിൽ കാലോചിതമായ സാംസ്കാരികവിമർശനവും രാഷ്ട്രീയ-സംസ്കാരിക ബന്ധങ്ങളെക്കുറിച്ചുള്ള പഠനങ്ങളും ഉൾപ്പെടുത്തണമെന്നത് ഫോക്‌ലോറിസ്റ്റുകൾക്ക് ബോധ്യമായ വസ്തുതയാണ്. ഫോക്, ലോർ എന്നിവയുടെ അർഥങ്ങൾപോലും കാലികമായി വ്യത്യാസപ്പെട്ടിരിക്കുകയാണ്. പാരമ്പര്യം, ഗൃഹാതുരത്വം തുടങ്ങിയ സങ്കൽപ്പങ്ങളും പരിണാമപാതയിലാണ്. ഫോക് എന്ന പദം നിർവചിക്കപ്പെടുന്നത് പ്രാദേശികത, മതം, തൊഴിൽ, സാമൂഹികപദവി എന്നിവയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ സ്ഥല-സമയ സംബന്ധിയായുള്ള മാറ്റങ്ങൾ പരിഗണിക്കുന്ന ഫോക്‌ലോർ പഠനങ്ങൾക്കാണ് മുൻതൂക്കം നൽകേണ്ടത്. ഈ പഠനം ഫോക്‌ലോറും ജനപ്രിയസംസ്കാരവുംതമ്മിലുള്ള ബന്ധം പരിശോധിക്കുന്നതിനോടൊപ്പം ജനപ്രിയസംസ്കാരത്തിലുണ്ടായ മാറ്റങ്ങളും ഫോക്‌ലോർ പഠനത്തിന്റെ രീതിശാസ്ത്രങ്ങളും പരിശോധനാവിധേയമാക്കിയിരിക്കുന്നു.



**താക്കോൽവാക്കുകൾ**

പൗരാണികത, പാരമ്പര്യം, നാടോടിവിജ്ഞാനം, ഉത്തരാധുനികത, ജനപ്രിയത, പ്രാദേശികത


## "Folklore and Popular Culture"


**Abstract**

In the last two hundered years or so, the aims and modes of folklore studies are getting redefined by the political notions that govern the paradigms of culture. Very lately, the folklorists have realized the need to incorporate the latest trends and developments in the cultural and critical studies into the domain of folklore studies. The meaning of concepts like ‘folk’ and ‘lore’ is determined by the context. The very concepts of tradition and imagined homeland is in a constant state of flux. The word folk is defined by factors like religion, locality means of livelihood and social status. Therefore, it is imperative that we give importance to folklore studies that take into account the locale and time aspects of the folk. Hence this study is an attempt to explore the inherent relationship between folklore and popular culture. The study also probe into the various aspects of popular culture and the diverse methodologies of folklore studies.



**Keywords**

Antiquity, Traditions, Folkloristics, Post modernism, Popularity, Locality

# ഫോക്‌ലോറും മാധ്യമങ്ങളും

**ലാൽമോഹൻ പി.**

**സംഗ്രഹം**

ഫോക്‌ലോർ അവതരണങ്ങളുടെ സാങ്കേതികഭൂമിക എന്നനിലയിൽമാത്രമാണ് മാധ്യമങ്ങളെ പൊതുവേ പരിഗണിച്ചുപോരുന്നത്. മാധ്യമങ്ങളിലൂടെ പൊതു ഇടങ്ങളിലേക്ക് എത്തുന്ന ഫോക്‌ലോർ രൂപങ്ങൾക്ക് സംഭവിക്കുന്ന വ്യതിയാനങ്ങൾ, കലാപരമായും ചരിത്രപരമായും അവയെ ഉൾക്കൊള്ളാനുള്ള ശേഷിക്കുറവ് എന്നിവ ഫോക്‌ലോർ പഠനങ്ങളിൽ കാണാറുണ്ട്. നിരൂപണത്തിന്റെയോ മാധ്യമവിമർശനത്തിന്റെയോ പ്രകൃതത്തിലുള്ള പഠനങ്ങൾ ഫോക്‌ലോറിനെ നോക്കുന്നത് അതിനെ മാധ്യമബാഹ്യമായ ഒരു ഇടപെടലായാണ്. മറിച്ച് മാധ്യമസംവേദന ക്ഷമതയും (Communicative potential) മാധ്യമീകരണവും (Mediation) ഫോക്‌ലോർ എന്ന ഉള്ളടക്ക, രൂപങ്ങളുടെ ജൈവിക പ്രവർത്തനമണ്ഡലത്തിൽ നിർലീനമാണെന്ന സാമൂഹികനോട്ടത്തിലേക്ക് അവ കടന്നുചെല്ലാൻ ശ്രമിക്കുന്നത് അപൂർവമാണ്. സംസ്കാരപഠനങ്ങളുടെ ആലോചനകളുടെയും രീതിശാസ്ത്രപദ്ധതികളുടെയും പുറത്തുനിന്നുള്ള ഒരു കാഴ്ചയിലേക്ക് ശ്രദ്ധിക്കുവാൻ മടികാണിക്കുന്നതിനാൽ ഫോക്‌ലോർ-മാധ്യമ പിരിവ് (seperation) എന്നത് അത്തരം പഠനങ്ങളുടെ പരിമിതിയാണെന്ന് നിരീക്ഷിക്കുന്നവരുമുണ്ട്. അത് ഫോക്‌ലോർ പഠനങ്ങളുടെ ബലക്കുറവല്ല, മറിച്ച് മാധ്യമപഠനങ്ങളുടെ പൊതുസമീപനരീതിയുടെ പ്രശ്നമായി വേണം ഗണിക്കാൻ. കാരണം മാധ്യമപഠനങ്ങളെ സംസ്കാര, കലാ, സാഹിത്യപഠനങ്ങളുമായി ചേർത്തുള്ള വായനകളിൽ പാഠത്തെയുംസന്ദർഭത്തെയും രണ്ട് മണ്ഡലങ്ങളിൽ വെവ്വേറെ വീക്ഷിക്കുകയും അവതമ്മിലുള്ള ബന്ധത്തിൽ ഒരു പിരിവ് മുൻകൂർ സ്വീകരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ നിരീക്ഷണങ്ങളെ ബന്ധിപ്പിക്കുമ്പോൾ ഈ അതിരിടൽ അംഗീകരിക്കുന്ന അവസ്ഥ കാണാറുമില്ല. മാധ്യമപഠനങ്ങളെ സംബന്ധിച്ച്, ഈ അതിരിടൽ അപ്രസക്തമാക്കുന്ന രീതിശാസ്ത്ര സമീപനങ്ങൾ വന്നുതുടങ്ങിയെങ്കിലും പ്രയോഗത്തിൽ താരതമ്യേന കുറവാണ്.

**താക്കോൽവാക്കുകൾ**

മാധ്യമീകരണം, ഇന്റർനെറ്റ്, പങ്കാളിത്തം. ഡിജിറ്റൽ ഫോക്‌ലോർ

**"Folklore and Media"**

**Abstract**

Media is generally considered as a technical tarrain of folklore presentations. Folklore studies include the deviations that folklores suffer when they are presented through media and the inability to accept them as historical and artistic entities. Media Criticism consider and view folklore as an intervention that exist and operate outside the domain of media. On the contrary, communicative potential and mediation as encompassed integrant of Folklore's form and content with a social perspective in its most organic stature are rare. The separation of Folklore and Media is observed as the limitation set off due to the inertia to come out of the formal methodology and general approach of cultural studies. When studied jointly with Media studies, the literary, art, and culture studies have a tradition of looking at text and context from different purviews with a separation. The separation advanced is noted for its absence when the observations or findings are drawn up. Media Studies methodologies which close out this segregation are infrequent in practice.

**Keywords**
Mediation, Internet, Participation, Digital Folklore